പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5597

04.07.2013 ലെ മറുപടിയ്ക്ക്

## കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണം

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി<br>പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) 2011 ൽ എത്തിയ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമായിരുന്നു; വ്യക്തമാക്കുമോ; | എ) 2011 ൽ 7,32,985 വിദേശ വിനോദ സഞ്ചാരികളും 93,81,455 തദ്ദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. |
| ബി) 2012 ൽ ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും വരുമാനമായി എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ; | ബി) 2012 ൽ ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും 10,883 കോടി രൂപ വരുമാനമായി ലഭിച്ചു. |
| സി) 2012 ൽ ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണ്; | സി) 2012 ൽ ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ സന്ദർശിച്ച ടൂറിസ്റ്റു കേന്ദ്രങ്ങൾ കൊച്ചിയും കോവളവുമാണ്. |
| ഡി) യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം . രംഗത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഡി) ഉണ്ട്. കേരളത്തിലേക്ക് ഏറ്റവും അധികം വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന യൂറോപ്യൻ രാജ്യങ്ങളായ യു.കെ., നെതർലാൻഡ്, ആസ്ട്രിയ എന്നീ രാജ്യങ്ങളിൽ നിന്നും 2011 വർഷം കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2010 വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. |
| ഇ) ഇന്ത്യയിൽ 2012 ൽ എത്തിയ മൊത്തം ടൂറിസ്റ്റുകളിൽ എത്ര ശതമാനം പേർ കേരളം സന്ദർശിച്ചുവെന്ന് അറിയാമോ; | ഇ) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ 2012 ൽ എത്തിയ മൊത്തം ടൂറിസ്റ്റുകളിൽ ഏകദേശം 12% പേർ കേരളം സന്ദർശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | 2013 ജനുവരി മുതൽ ജൂൺ 30 വരെ സംസ്ഥാനം സന്ദർശിച്ച വിദേശ ആഭ്യന്തര ടൂറിസ്റ്റുകൾ എത്ര പേരെന്നും ആയതു വഴി ലഭിച്ച വരുമാനം എത്രയെന്നും വ്യക്തമാക്കുമോ; | എഫ്) | 2012 ജനുവരി മുതൽ ഏപ്രിൽ വരെ 32,72,257 ആഭ്യന്തര ടൂറിസ്റ്റുകളും 3,75,491 വിദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്. വരുമാനം യഥാക്രമം ഏകദേശം 3600 കോടിയും 2200 കോടിയും വീതമാണ്. മേയ്, ജൂൺ മാസങ്ങളിലെ കണക്ക് ശേഖരിച്ചു വരുന്നതേയുള്ളൂ. |
| ജി) | ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് ഇപ്പോൾ ഗണ്യമായി കുറയുന്നതായി വിലയിരുത്തിയിട്ടുണ്ടോ? | ജി) | ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ